## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1940 — 17.12.2012-ൽ മറുപടിയ്ക്ക്

### നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ്

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | ഉത്തരം<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ് വനഭൂമിയാണെന്ന് സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ ; തോട്ടം അന്യായമായി കൈവശം വച്ചവർക്കനുകൂലമായി കോടതിയിൽ നിലപാട് എടുത്തവർ ആരൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ് വന ഭൂമിയാണെന്ന് സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടില്ല. തോട്ടം കൈവശം വെച്ചവർക്ക് അനുകൂലമായി കോടതിയിൽ നിലപാട് സ്വീകരിച്ചിട്ടില്ല. |
| (ബി) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെയും ഡിവിഷൻ ബഞ്ചിന്റെയും വിധിക്കെതിരെ സുപ്രീം കോടതിയുടെ നിരീക്ഷണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; കേസ്സിൽ സർക്കാർ സ്റ്റേ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; സുപ്രീം കോടതി സ്റ്റേ ചെയ്യുകയുണ്ടായോ ; | (ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി സ്റ്റേ ചെയ്തുകൊണ്ടാണ് 13.08.2012-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ളത്. കോടതി വിധിയിൽ നിരീക്ഷണങ്ങളൊന്നുമില്ല. സർക്കാരാണ് സ്റ്റേ ആവശ്യപ്പെട്ടത്. |
| (സി) സുപ്രീം കോടതി വിധിയെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) ബഹുമാനപ്പെട്ട സുപ്രീം കോടതി ഇടക്കാല ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ നിന്നും കാരപ്പാറ എസ്റ്റേറ്റുകാർക്ക് വിലക്ക് നിലനിൽക്കുന്നുണ്ട്. കേസ്സിന്റെ അന്തിമ വിചാരണ ആരംഭിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത എസ്റ്റേറ്റ് പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) പ്രസ്തുത എസ്റ്റേറ്റ് എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കുമോ ; | (ഇ) കാരപ്പാറ (എ) എസ്റ്റേറ്റിന്റെ വിസ്തൃതി 541.37 ഏക്കറാണ്. |

..............................2)

(എഫ്) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്റ്റേറ്റിലെ മരങ്ങൾ ഉൾപ്പെടെ എന്തെല്ലാം വസ്തുവകകൾ തോട്ടം ഉടമകൾ അന്യായമായി കൈവശ പ്പെടുത്തുകയുണ്ടായി എന്ന് വെളി പ്പെടുത്തുമോ ; അവ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാ ക്കുമോ ?

(എഫ്) പാട്ട വ്യവസ്ഥ, ഫോറസ്റ്റ് കൺസർവേ ഷൻ ആക്ട് 1980 എന്നിവയുടെ ലംഘ ങ്ങൾക്കെതിരെ, കാരപ്പാറ (എ) എസ്റ്റേ റ്റിനെതിരെ ബുക്ക് ചെയ്തിട്ടുള്ള ഒ.ആർ. കേസ്സുകൾ നിലവിലുണ്ട്. കാരപ്പാറ എസ്റ്റേറ്റിന്റെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാ രിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് തോട്ടം സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കുന്ന താണ്.

സെക്ഷൻ ഓഫീസർ